"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫേസ് II മാർഗ്ഗനിർദേശങ്ങൾ പ്രകാരം 2021-22 ൽ ഒ.ഡി.എഫ്. പ്ലസ് ആക്കി മാറ്റുന്നതിനുള്ള 500 വില്ലേജുകൾ ഉൾപ്പെട്ട 300 ഗ്രാമപഞ്ചായത്തുകൾ ഒ.ഡി.എഫ്. പ്ലസ് ആയി മാറ്റുന്നതിനുള്ള നടപടിക്രമം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പ്**

G.O.(Rt)No.1492/2021/LSGD തീയതി,തിരുവനന്തപുരം, 09/08/2021

---

പരാമർശം:-

1. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫേസ് II മാർഗ്ഗനിർദേശങ്ങൾ
2. കേന്ദ്ര സർക്കാർ 2021-22 വർഷത്തേയ്ക്ക് അംഗീകാരം നൽകിയിട്ടുള്ള വാർഷിക കർമ്മ പദ്ധതി
3. 22/07/2021 ലെ GO(Rt) No.1375/2021/LSGD നമ്പർ ഉത്തരവ്
4. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 20.07.2021 തീയതിയിലെ 197/എ/2020/എസ്എം നമ്പർ കത്ത്

**ഉത്തരവ്**

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) രണ്ടാം ഘട്ടം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് തീരുമാനിച്ചു കൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സ്വച്ഛ് ഭാരത് മിഷൻ ഫേസ് II പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം വില്ലേജുകൾ അടിസ്ഥാനഘടമായി കണക്കാക്കിക്കൊണ്ട് എല്ലാ ഗ്രാമപഞ്ചായത്തുകളും മിഷൻ കാലാവധിക്കുള്ളിൽ ഒ.ഡി.എഫ്. പ്ലസ് ആയി പ്രഖ്യാപിക്കേണ്ടതുണ്ട്. കേന്ദ്ര സർക്കാർ അംഗീകരിച്ച വാർഷിക കർമ്മ പദ്ധതി പ്രകാരം 2020-21 ൽ 500 വില്ലേജുകൾ ഉൾപ്പെട്ട 300 ഗ്രാമപഞ്ചായത്തുകളെ 2021 ഒക്ടോബർ 02 നകം ഒ.ഡി.എഫ്. പ്ലസ് ആയി പ്രഖ്യാപിക്കേണ്ടതുണ്ട്. സ്വച്ഛ് ഭാരത് മിഷൻ ഫേസ് II പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഒ.ഡി.എഫ്. പ്ലസ് ആക്കി മാറ്റുന്നതിനുള്ള 500 വില്ലേജുകൾ ഉൾപ്പെട്ട 300 ഗ്രാമപഞ്ചായത്തുകൾ ഈ പദവിയിലേക്ക് ഉയർത്തുന്നതിന് വേണ്ടിയുള്ള നടപടി ക്രമം അംഗീകരിച്ചു ഉത്തരവ് പുറപ്പെടുവിക്കണമെന്നു ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (4) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫേസ് II മാർഗ്ഗനിർദേശങ്ങൾ പ്രകാരം 2021-22 ൽ ഒ.ഡി.എഫ്. പ്ലസ് ആക്കി മാറ്റുന്നതിനുള്ള 500 വില്ലേജുകൾ ഉൾപ്പെട്ട 300 ഗ്രാമപഞ്ചായത്തുകൾ ഒ.ഡി.എഫ്. പ്ലസ് ആയി മാറ്റുന്നതിന് ഇതോടൊപ്പം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള നടപടി ക്രമം അംഗീകരിച്ച് ഉത്തരവ്

പുറപ്പെടുവിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രസ്തുത നടപടിക്രമം അനുസരിച്ചുള്ള പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി 2021 ഒക്ടോബർ 02 നകം സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ ഒ.ഡി.എഫ്. പ്ലസ് ആയി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R S Kannan
Special Secretary

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പിഎസ്സിന്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സിഎയ്ക്ക്

<u>അനുബന്ധം</u>

സംസ്ഥാനത്തെ 500 വില്ലേജുകളിലെ 300 ഗ്രാമപഞ്ചായത്തുകൾ 2021 ഒക്ടോബർ 02 നകം ഒ.ഡി.എഫ് പ്ലസ് ആയി പ്രഖ്യാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. എല്ലാ വീടുകളിലും ഉപയോഗയോഗ്യമായ ശൗചാലയങ്ങൾ ഉറപ്പാക്കുക
2. ഗ്രാമങ്ങളിൽ ആവശ്യകതയുടെ അടിസ്ഥാനത്തിൽ പൊതുശൗചാലയം കൃത്യമായ പരിപാലനത്തോട്ടു കൂടി ഉറപ്പാക്കുക
3. സ്കൂളുകൾ, പഞ്ചായത്ത് ആസ്ഥാനങ്ങൾ, അംഗൻവാടികൾ എന്നിവയിലും പുരുഷനും സ്ത്രീയ്ക്കും പ്രത്യേകമായി ഉപയോഗയോഗ്യമായ ശൗചാലയങ്ങൾ ഉണ്ടെന്ന് ഉറപ്പ് വരുത്തുക. പൊതുയിടങ്ങൾ വൃത്തിയുള്ളതും, മലിനജലം കെട്ടിനിൽക്കാതെയും പ്ലാസ്റ്റിക്ക് കൂമ്പാരങ്ങൾ ഇല്ലാതെയും സംരക്ഷിക്കുക.
4. ചുരുങ്ങിയത് 80% വീടുകളിലും, എല്ലാ സ്കൂളുകളിലും, അംഗൻവാടികളിലും പഞ്ചായത്ത് ആസ്ഥാനങ്ങളിലും ജൈവമാലിന്യങ്ങളും, ദ്രവമാലിന്യവും സംസ്കരിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കണം
5. ഗ്രാമത്തിൽ പ്ലാസ്റ്റിക് തരംതിരിക്കുന്നതിനും അത് ശേഖരിക്കുന്നതിനും ഉള്ള സംവിധാനം ഉണ്ടായിരിക്കണം
6. ഗ്രാമങ്ങളിൽ ഒ.ഡി.എഫ് പ്ലസുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട അഞ്ച് വിവര വിജ്ഞാന വ്യാപന സന്ദേശങ്ങൾക്കും പ്രാമുഖ്യത്തോടെ പ്രദർശിപ്പിക്കുക, എന്നിവയാണ്.

മേൽ പറഞ്ഞ ഘടകങ്ങൾ എല്ലാം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കൃത്യമായി നിലവിൽ ഉണ്ട് എന്ന് ഉറപ്പാക്കി ഓരോ ഗ്രാമപഞ്ചായത്തിലെയും അതാത് വാർഡുകളിലെ ഗ്രാമ സഭകൾ ഒ.ഡി.എഫ് പ്ലസ് ആയി പ്രഖ്യാപിക്കുകയും ഗ്രാമ പഞ്ചായത്ത് മൊത്തമായി ഒ.ഡി.എഫ് പ്ലസ് ആയി പ്രഖ്യാപിക്കേണ്ടതുമാണ്. ഏതെങ്കിലും ഘടകങ്ങളിൽ കുറവ് ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള പ്രോജക്ടുകൾ തദ്ദേശ സ്ഥാപനം ഏറ്റെടുക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തുകളുടെ ഒ.ഡി.എഫ് പ്രഖ്യാപനത്തിന് ശേഷം ജില്ലാ കളക്ടർ, ഗ്രാമപഞ്ചായത്ത് തല പരിശോധന ടീമിനെയും (ബ്ലോക്ക് തലത്തിൽ) ജില്ലാതല മോണിട്ടറിംഗ് ടീമിനെയും രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

<u>(എ) ജില്ലാതല മോണിട്ടറിംഗ് ടീം ഘടന</u>

1. ജില്ലാ കളക്ടർ - ചെയർമാൻ
2. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് - അംഗം
3. ജില്ലാ ഹരിതകേരള മിഷൻ കോ-ഓർഡിനേറ്റർ - അംഗം
4. ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർ - കൺവീനർ

<u>(ബി) ഗ്രാമപഞ്ചായത്ത്തല പരിശോധന ടീം</u>

1. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി - ചെയർമാൻ
2. പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റ് സൂപ്രണ്ട് - അംഗം
3. ഹരിതകേരള മിഷൻ റിസോഴ്സ് പേഴ്സൺ - അംഗം
4. ജനറൽ എക്സ്റ്റൻഷൻ ഓഫീസർ - കൺവീനർ

ഗ്രാമപഞ്ചായത്ത്തല പരിശോധന ടീം 2021 സെപ്റ്റംബർ 10 മുതൽ 20 വരെയുള്ള കാലയളവിൽ ഗ്രാമപഞ്ചായത്തുകളിൽ പരിശോധന നടത്തേണ്ടതും ഒ.ഡി.എഫ് പ്ലസ് ആയി പ്രഖ്യാപനം നടത്തി സ്വച്ഛ് ഭാരത് മിഷൻ ഫേസ് II ഗൈഡ് ലൈനിൽ അനുശാസിക്കുന്ന സർട്ടിഫിക്കറ്റ് ഗ്രാമ പഞ്ചായത്തുകൾക്ക് നൽകേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലെ ഒ.ഡി.എഫ് പ്ലസ് പ്രഖ്യാപന സർട്ടിഫിക്കറ്റ് അതാത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവർ ഒപ്പിട്ട് സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഐ.എം.ഐ.എസിൽ അപ് ലോഡ് ചെയ്യേണ്ടതാണ്. ഒ.ഡി.എഫ് പ്ലസ് പ്രഖ്യാപിച്ച ഗ്രാമപഞ്ചായത്തുകളുടെ വിവരങ്ങൾ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഐ.എം.ഐ.എസിൽ അപ് ലോഡ് ചെയ്യുന്നതിന്റെ ജില്ലാതല മേൽനോട്ടം ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർ നിർവഹിക്കേണ്ടതാണ്.